## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1819** **01.11.2019 ൽമറുപടിയ്ക്ക്**

## പ്രകൃതി സൗഹാർദ്ദ ഗതാഗത സംവിധാനം

| ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൂർണ്ണമായും പ്രകൃതി സൗഹാർദ്ദ ഗതാഗത സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ യെന്ന് വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. പ്രകൃതി സൗഹൃദ പൊതു ഗതാഗത സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. യിൽ 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി യിട്ടുള്ളതും തിരുവനന്തപുരം, എറണാകുളം എന്നീ പ്രധാന നഗരങ്ങളെ ബന്ധപ്പെടുത്തി സർവ്വീസ് നടത്തി വരികയുമാണ് . കൂടാതെ സി.എൻ.ജി ഇന്ധനം ഉപയോഗിച്ച് ഒരു ബസ് ആലുവ ഡിപ്പോയിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തി വരുന്നു. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകര മായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | • E-Vehicle Policy തയ്യാറാക്കി, അതിന്റെ പ്രചരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു എക്സ്പോ കൊച്ചിയിൽ നടത്തിയിരുന്നു.<br>• പ്രധാനപ്പെട്ട നഗരങ്ങളിൽ 2020 ഓടെ 10,000 ഓട്ടോറിക്ഷകൾ നിരത്തിലിറക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>• ഇലക്ട്രിക് ഓട്ടോ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉപഭോക്താവിന് 25,000/- രൂപ മുതൽ 30,000/- രൂപ വരെ സഹായധനം അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• തിരുവനന്തപുരം ജില്ലയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുന്നതിന് 8.20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>• തിരുവനന്തപുരം സെക്രട്ടേറിയറ്റിൽ പ്രാഥമിക |

| | | | |
|---|---|---|---|
| | | | നടപടിയെന്ന നിലയിൽ ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സജ്ജമാക്കിയിട്ടുണ്ട്. പ്രകൃതി സൗഹൃദ ഗതാഗത സംവിധാനത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി 1 സിഎൻജി ബസ് വാങ്ങി സർവ്വീസ് നടത്തി വരുന്നതിനോടൊപ്പം 10 ഇലക്ട്രിക് ബസുകൾ വെറ്റ് ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നു. Fame II പദ്ധതി പ്രകാരം 250 ഇലക്ട്രിക് ബസുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ പെട്രോൾ/ഡീസൽ ഇന്ധനം ഉപയോഗിക്കുന്ന പതിനഞ്ചു വർഷത്തിലേറെ പഴക്കമുള്ള ആട്ടോറിക്ഷകൾ പ്രകൃതി സൗഹാർദ്ദ ഇന്ധനത്തിലേക്ക് മാറിയാൽ മാത്രമേ 2020 ഏപ്രിൽ മുതൽ പെർമിറ്റ് നൽകുകയുള്ളുവെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാനത്ത് വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | ഉണ്ട്. സംസ്ഥാനത്ത് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യെ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഇ) | കെ.എസ്.ഇ.ബിയുമായി ഇക്കാര്യത്തിൽ എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹന നയ പ്രകാരം കെ എസ് ഇ ബി യെ, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**